<u>**15 -ാം കേരള നിയമസഭ**</u>

<u>**3 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1155**</u> <u>**07-10-2021 - ൽ മറുപടിയ്ക്ക്**</u>

<u>**മഞ്ചേരി -ഒലിപ്പുഴ റോഡ് വീതി കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയിൽ ഉൾപ്പെട്ട എൺ പത്തിരണ്ട് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച മഞ്ചേരി -ഒലിപ്പുഴ റോഡ് വീതി കൂട്ടുന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | (എ) | മഞ്ചേരി മുതൽ ഒലിപ്പുഴ വരെ (ചെയിനേജ് 0/000 മുതൽ 16/250 വരെ) റോഡ് വീതി കൂട്ടി ബിഎം & ബിസി നിലവാരത്തിൽ നവീകരിക്കുന്ന കിഫ്ബി പ്രവൃത്തിക്ക് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ സ്ഥലമേറ്റെ ടുക്കുന്നതിനുള്ള 17.20 കോടി രൂപയും ഉൾപ്പെടുന്നു. 17.06.2019ന് കൂടിയ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തിക്കു സാങ്കേതിക അനുമതി നൽകുന്ന വിഷയം പരിഗണിച്ചിരുന്നുവെങ്കിലും, ലാൻഡ് അക്വസിഷൻ ഉള്ളതിനാൽ സ്ഥല ലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തിയതിനുശേഷം സാങ്കേതി കാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിഗണി ക്കുന്നതിനു തീരുമാനിച്ചു. കിഫ്ബി മാനദണ്ഡപ്രകാരമുള്ള RoW (13.6മീറ്റർ) 11 ഭാഗങ്ങളിൽ ലഭ്യമല്ലാത്തതിനാൽ അവിടെ ലാൻഡ് അക്വിസിഷൻ മുഖേന സ്ഥലം ഏറ്റെടുക്കുന്നതിനായി, 19/01/2021 തീയതിയിലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം 0.637 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സ്ഥല മേറ്റെടുപ്പ് പൂർത്തീകരിച്ചതിന് ശേഷം, സാങ്കേതികാനുമതി നൽകിയാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തതിന് കാരണം എന്താണെന്ന് അറിയിക്കാമോ ? | (ബി) | മഞ്ചേരി മുതൽ ഒലിപ്പുഴ വരെ (ചെയിനേജ് 0/000 മുതൽ 16/250 വരെ) റോഡ് വീതി കൂട്ടി ബിഎം & ബിസി നിലവാരത്തിൽ നവീകരിക്കുന്ന കിഫ്ബി പ്രവൃത്തിക്ക് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് ലഭ്യമായിട്ടുള്ളത്. ഇതിൽ സ്ഥലമേറ്റെ ടുക്കുന്നതിനുള്ള 17.20 കോടി രൂപയും ഉൾപ്പെടുന്നു. 17.06.2019ന് കൂടിയ ചീഫ് എഞ്ചിനീയർമാരുടെ ടെക്നിക്കൽ കമ്മിറ്റിയിൽ |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തിക്കു സാങ്കേതിക അനുമതി നൽകുന്ന വിഷയം പരിഗണിച്ചിരുന്നുവെങ്കിലും, ലാൻഡ് അക്വസിഷൻ ഉള്ളതിനാൽ സ്ഥല ലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തിയതിനുശേഷം സാങ്കേതി കാനുമതിക്കുള്ള എസ്റ്റിമേറ്റ് പരിഗണി ക്കുന്നതിനു തീരുമാനിച്ചു. കിഫ്ബി മാനദണ്ഡപ്രകാരമുള്ള RoW (13.6മീറ്റർ) 11 ഭാഗങ്ങളിൽ ലഭ്യമല്ലാത്തതിനാൽ അവിടെ ലാൻഡ് അക്വിസിഷൻ മുഖേന സ്ഥലം ഏറ്റെടുക്കുന്നതിനായി, 19/01/2021 തീയതിയിലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം 0.637 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സ്ഥല മേറ്റെടുപ്പ് പൂർത്തീകരിച്ചതിന് ശേഷം, സാങ്കേതികാനുമതി നൽകിയാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ